മിച്ചഭൂമി വിതരണം ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ

48 (3129)ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭൂരഹിതർക്ക് മിച്ചഭൂമി വിതരണം ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ;

(ബി) ഭൂരഹിതരായ അപേക്ഷകർ എത്രയുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) അർഹരായ മുഴുവൻ പേർക്കും ഭൂമി വിതരണം ചെയ്യാൻ സമയബന്ധിതമായി നടപടി സ്വീകരിക്കുമോ;

(ഡി) ഇത് സംബന്ധിച്ച് ജില്ലാ താലൂക്ക് തലത്തിൽ ജനപ്രതിനിധികളുടക്കമുള്ളവരെ ഉൾപ്പെടുത്തി മോണിട്ടറിംഗ് സംവിധാനം ഏർപ്പെടുത്തുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) വിതരണത്തിന് ലഭ്യമായ മിച്ചഭൂമി മുഴുവൻ സമയബന്ധിതമായി വിതരണം ചെയ്യുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുള്ളതാണ്. 29.2.2000 വരെയുള്ള കാലയളവിൽ 2000-ത്തിൽപരം ഏക്കർ മിച്ചഭൂമി ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വിതരണം ചെയ്തിട്ടുണ്ട്. മിച്ചഭൂമി വിതരണം ഇനിയും കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി പൊതു ആവശ്യത്തിന് നീക്കിവച്ചിട്ടുള്ളതും ഉപയോഗിക്കാതെ ബാക്കി കിടക്കുന്നതുമായ മിച്ചഭൂമിയിൽ വിതരണ യോഗ്യമായത് പരിശോധിച്ച് ഭൂരഹിതർക്ക് വിതരണം ചെയ്യുന്നതിനുള്ള നിർദ്ദേശവും ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുണ്ട്.

(ബി) ഭൂരഹിതരുടെ അപേക്ഷകൾ എത്രയാണെന്ന് കണക്കാക്കിയിട്ടില്ല. സാധാരണഗതിയിൽ മിച്ചഭൂമി വിതരണം നോട്ടിഫൈ ചെയ്യുമ്പോഴാണ് അപേക്ഷകൾ സ്വീകരിക്കുന്നത്. അതിൽ അർഹരായവർക്ക് ഭൂമി നൽകിയിട്ട് അനർഹരുടെ അപേക്ഷ തള്ളുകയാണ് പതിവ്.

(സി) മിച്ചഭൂമിയുടെ ലഭ്യതയനുസരിച്ച് അർഹരായ മുഴുവൻപേർക്കും മിച്ചഭൂമി വിതരണം ചെയ്യുന്നതിനുള്ള സമയബന്ധിത നടപടി ഇപ്പോൾ തന്നെ സ്വീകരിച്ചിട്ടുണ്ട്.

(ഡി) മിച്ചഭൂമി വിതരണത്തിൽ ജില്ലാ കളക്ടറും ജനപ്രതിനിധികളുമടങ്ങുന്ന കമ്മിറ്റികൾ ഇപ്പോൾതന്നെ പ്രവർത്തിച്ചുവരുന്നുണ്ട്.

സ്വന്തമായി കെട്ടിടമില്ലാത്ത വില്ലേജ് ഓഫീസുകൾ

49 (3132)ശ്രീ. പി. രാജു :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. ജോസ് ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സ്വന്തമായി കെട്ടിടമില്ലാത്തതും അനുയോജ്യമല്ലാത്ത കെട്ടിടത്തിൽ പ്രവർത്തിക്കുന്നതുമായ എത്ര വില്ലേജ് ഓഫീസുകൾ സംസ്ഥാനത്തുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിൽ സ്വന്തമായി കെട്ടിടമില്ലാത്തവ എത്ര;

(സി) സ്വന്തമായും അനുയോജ്യമായതുമായ കെട്ടിടങ്ങൾ വില്ലേജ് ഓഫീസുകൾക്ക് നിർമ്മിക്കുന്നതിനുള്ള എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 234 വില്ലേജാഫീസുകൾ.

(ബി) 187 വില്ലേജാഫീസുകൾക്ക് സ്വന്തമായി കെട്ടിടമില്ല.

(സി) ധനകാര്യകമ്മീഷൻ ശുപാർശ., 50%ഉം, 100%ഉം കേന്ദ്രാവിഷ്കൃത പദ്ധതി എന്നിവയിലുൾപ്പെടുത്തി അനുയോജ്യമായ റിക്കാർഡ് മുറികളും, ഫണ്ടിന്റെ ലഭ്യതയനുസരിച്ച് വില്ലേജ് ആഫീസ് കെട്ടിടങ്ങളും നിർമ്മിച്ചുവരുന്നുണ്ട്.

റവന്യൂ റിക്കവറി

50(3135)ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ റിക്കവറി നടപടികളുടെ ഫലമായി സംസ്ഥാനത്ത് 1997 മുതൽ പ്രതിവർഷം ഉണ്ടായ വരുമാനം എത്രയാണെന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) റവന്യൂ റിക്കവറി നടപടികളിലൂടെ സർക്കാരിന് ലഭിക്കേണ്ടുന്ന വരുമാനം കൃത്യമായി ഈടാക്കുന്നതിൽ വീഴ്ച വരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ? എങ്കിൽ ഇതു പരിഹരിക്കുവാൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) റവന്യൂ റിക്കവറിയുടെ പുരോഗതി സംബന്ധമായ റിവ്യൂ നടത്താറുണ്ടോ? എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) റവന്യൂ വില്പന നികുതി ഉദ്യോഗസ്ഥന്മാരുടെ കോ-ഓർഡിനേഷൻ ജില്ലാതലത്തിൽ ഫലപ്രദമായി നടക്കാറില്ലെന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ? ഉണ്ടെങ്കിൽ ഇതു സംബന്ധമായി എന്തെല്ലാം പരിഹാര നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) രണ്ടുമാസം കൂടുമ്പോൾ ബന്ധപ്പെട്ട മന്ത്രിമാർ പങ്കെടുത്തുകൊണ്ട് ജില്ലാതലത്തിൽ റവന്യൂ വില്പന നികുതി ഉദ്യോഗസ്ഥന്മാരുടെ റിവ്യൂ മീറ്റിംഗ് സംഘടിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം (1) ആയി ചേർത്തിട്ടുണ്ട്.†

(ബി) ശ്രദ്ധയിൽ വന്നിട്ടില്ല.

---

† അനുബന്ധം V (1,2)

LIBRARY ARCHIVES Kerala Legislative Assembly